**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2423** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെൽട്രോണിൽ കരാർ/ദിവസവേതന ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എം . വിൻസെൻറ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. വി. പി. സജീന്ദ്രൻ,<br>ശ്രീ. റോജി എം. ജോൺ** | | **Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി)** | |
| (എ) | കെൽട്രോണിൽ കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് വ്യവസായവകുപ്പ് തീരുമാനം എടുത്തത് നിയമവകുപ്പിന്റെ ഉപദേശം തേടിയശേഷമാണോ എന്നറിയിക്കാമോ; | (എ) | നിയമവകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ട്. |
| (ബി) | എങ്കിൽ നിയമവകുപ്പ് ഇക്കാര്യത്തിൽ നൽകിയ നിയമോപദേശം എന്താണെന്നറിയിക്കാമോ; | (ബി) | ഈ വിഷയത്തിൽ നിയമവകുപ്പ് നൽകിയ ഉപദേശം ചുവടെ ചേർക്കുന്നു. "സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ അനുവദനീയമായ തസ്തികകളിൽ പത്തുവർഷത്തിലേറെ തുടർച്ചയായി സേവനമനുഷ്ഠിച്ചു വരുന്നതും മതിയായ യോഗ്യതയുള്ളവരുമായ ജീവനക്കാരുടെ നിയമനങ്ങൾ ഒറ്റത്തവണത്തേയ്ക്ക് മാത്രമായി റെഗുലറൈസ് ചെയ്തു നൽകുന്നതിനാണ് ബഹു. സുപ്രീം കോടതി Secretary State of Karnataka V Umadevi (AIR 2006 SC 1806) എന്ന കേസിൽ വിധി പുറപ്പെടുവിച്ചത്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ 04/02/2016-ലെ മുൻ ചീഫ് സെക്രട്ടറിയുടെ 2661/Exp.A1/15/Fin(Exp-A)Dept നമ്പർ കുറിപ്പിലായി ദിവസവേതനക്കാർ/ കോൺട്രാക്ട് നിയമനക്കാർ എന്നിവരെ റെഗുലറൈസ് ചെയ്യാൻ പാടില്ലായെന്ന് എല്ലാ സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നിരുന്നാലും, വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ നിയമിതരായതും പത്തുവർഷത്തിലധികമായി സേവനത്തിൽ തുടരുന്നതും, മതിയായ യോഗ്യതയുള്ളവരുമായ കെൽട്രോണിലെ താൽക്കാലിക ജീവനക്കാരെ, പ്രസ്തുത സ്ഥാപനത്തിലെ നിയമനങ്ങൾ നാളിതുവരെ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടില്ലായെന്നതും, ടി സ്ഥാപനത്തിലെ നിയമനങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടില്ലായെന്നതും |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്തുകൊണ്ട്, അത്തരം ജീവനക്കാരുടെ സേവനം നിലനിർത്തേണ്ടത് അനിവാര്യമാണെന്നു കാണുന്നപക്ഷം, അവരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ ഭരണവകുപ്പിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും, അതോടൊപ്പം, ഭാവിയിൽ ഇത്തരം സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി, special rules frame ചെയ്തുകൊണ്ട് കെൽട്രോണിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനുള്ള സത്വരനടപടികൾ കൂടി ഭരണവകുപ്പിന് സ്വീകരിക്കാവുന്നതാണെന്നും അറിയിക്കുന്നു". |
| (സി) | പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | നിയമവകുപ്പിന്റെ ഉപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

നിയമ (ഉപദേശ ജി) വകുപ്പ്
തീയതി, 04/01/2020

നമ്പർ 26980/ഉപദേശ ജി1/2019/നിയമം
നമ്പർ.വ്യവ-ഡി3/254/2018-വ്യവ

സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ അനുവദനീയമായ തസ്തികകളിൽ പത്തുവർഷത്തിലേറെ തുടർച്ചയായി സേവനമനുഷ്ഠിച്ചു വരുന്നതും മതിയായ യോഗ്യതയുള്ളവരുമായ ജീവനക്കാരുടെ നിയമനങ്ങൾ ഒറ്റത്തവണത്തേക്ക് മാത്രമായി റെഗുലറൈസ് ചെയ്തു നൽകുന്നതിനാണ് ബഹു: സുപ്രീം കോടതി Secretary State of Karnataka V Umadevi (AIR 2006 SC 1806) എന്ന കേസിൽ വിധി പുറപ്പെടുവിച്ചത്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ 04/02/2016-ലെ മുൻ ചീഫ് സെക്രട്ടറിയുടെ 2661/Exp.A1/15/Fin (Exp-A) Dept നമ്പർ കുറിപ്പിലായി ദിവസവേതനക്കാർ/കോൺട്രാക്റ്റ് നിയമനക്കാർ എന്നിവരെ റെഗുലറൈസ് ചെയ്യാൻ പാടില്ലായെന്ന് എല്ലാ സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നിരുന്നാലും, വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ നിയമിതരായതും പത്തുവർഷത്തിലധികമായി സേവനത്തിൽ തുടരുന്നതും, മതിയായ യോഗ്യതയുള്ളവരുമായ കെൽട്രോണിലെ താൽക്കാലിക ജീവനക്കാരെ, പ്രസ്തുത സ്ഥാപനത്തിലെ നിയമനങ്ങൾ നാളിതുവരെ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടില്ലായെന്നതും, ടി സ്ഥാപനത്തിലെ നിയമനങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടില്ലായെന്നതും കണക്കിലെടുത്തുകൊണ്ട്. അത്തരം ജീവനക്കാരുടെ സേവനം നിലനിർത്തേണ്ടത് അനിവാര്യമാണെന്നു കാണുന്നപക്ഷം, അവരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ ഭരണവകുപ്പിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും, അതോടൊപ്പം, ഭാവിയിൽ ഇത്തരം സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി, special rules frame ചെയ്തുകൊണ്ട് കെൽട്രോണിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ 26980/ഉപദേശ ജി1/2019/നിയമം
നമ്പർ.വ്യവ-ഡി3/254/2018-വ്യവ

നിയമ (ഉപദേശ ജി) വകുപ്പ്
തീയതി, 04/01/2020

മുഖേന നടത്തുന്നതിനുള്ള സത്വരനടപടികൾ കൂടി ഭരണവകുപ്പിന് സ്വീകരിക്കാവുന്നതാണെന്നും അറിയിക്കുന്നു.

SO

നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി
രഹ്ന. വി.എം.നുവേണ്ടി.

26980/ഉപദേശ-ജി1/19/നിയമം

സെക്ഷൻ ഓഫീസർ